## പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :*292

**16-12-2015 ൽ മറുപടിയ്ക്ക്**

## നെൽകൃഷി വ്യാപന പദ്ധതി

**ചോദ്യം**
ശ്രീ.കെ.വി.അബ്ദുൾ ഖാദർ
ശ്രീ. പി.ടി.എ. റഹീം
ശ്രീ. സി.കെ. സദാശിവൻ
ശ്രീ. കെ. ദാസൻ

**മറുപടി**
ശ്രീ. കെ. പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും
അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നടപ്പാക്കി വരുന്ന നെൽകൃഷി വ്യാപന പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത പദ്ധതികൾ നടപ്പാക്കപ്പെട്ടപ്പോഴും, നെല്ലുല്പാദനത്തിലും വയലുകളുടെ വിസ്തൃതിയിലും ഗണ്യമായ കുറവ് സംഭവിക്കുന്നത് എന്തുകൊണ്ടാണ് എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | നെല്ലുൽപ്പാദനത്തിലും വയലുകളുടെ വിസ്തൃതിയിലും കുറവ് സംഭവിക്കുന്നത് നെൽ വയലുകൾ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതു മൂലമാണ്. ഇതിന് പരിഹാരമായി നെൽകർഷകർക്ക് സബ്സിഡി നൽകി വിവിധ നെൽകൃഷി വികസന പദ്ധതികൾ മെച്ചപ്പെട്ട സാങ്കേതിക വിദ്യ ഉപയോഗിച്ച് നടപ്പിലാക്കുക മൂലം ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2010-2011 ൽ 522740 മെ.ടൺ ഉൽപ്പാദനം ആയിരുന്നത് 2011-2012 വർഷം 568993 മെ.ടൺ ആയി ഉയർന്നു. 2012-2013 ൽ ഉൽപ്പാദനം 508299 മെ.ടൺ ആയിരുന്നത് 2013-2014 ൽ 564325 മെ.ടൺ ആയി വർദ്ധിക്കുകയുണ്ടായി. ഉൽപ്പാദനക്ഷമത 2010-2011 ൽ 2452 കി.ഗ്രാം ആയിരുന്നത് 2011-2012 ൽ 2733 കി.ഗ്രാമായും,2012-2013 ൽ 2577 കി.ഗ്രാം ആയിരുന്നത് 2013-2014 വർഷം 2827 കി.ഗ്രാമായും ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | നെൽ വയൽ സംരക്ഷണആക്ട് 2008 ൽ നിലവിൽ വന്നതോടെ വയൽ മറ്റാവശ്യങ്ങൾക്കായി മാറ്റപ്പെടുന്നത് തടയാനും സാധിച്ചിട്ടുണ്ട്. തരിശായി കിടന്നിരുന്ന നെൽ വയലുകൾ കൃഷിയോഗ്യമാക്കുകയും കരനെൽകൃഷി പ്രോൽസാഹിപ്പിക്കുകയും ചെയ്തത് വഴി നെൽകൃഷി 2012-2013 ൽ 197279 ഹെക്ടറിൽ ആയിരുന്നത് 2013-2014 ൽ 199611 ഹെക്ടറിലായി വർദ്ധിച്ചു. |
| (സി) | നടപ്പാക്കിവരുന്ന പദ്ധതികളിൽ പോരായ്മകൾ ഉണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ അവ പരിഹരിച്ച് പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാൻ മുൻകൈയെടുക്കുമോ? | (സി) | കൃഷിവകുപ്പ് വഴി നിരവധി നെൽകൃഷി വികസന പദ്ധതികൾ കർഷകർക്ക് ഉപയോഗപ്രദമായ രീതിയിൽ നിലവിൽ നടപ്പിലാക്കിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ